# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 475 — 07.01.2014-ൽ മറുപടിക്ക്

### കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വി. പി. സജീന്ദ്രൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ ; | (എ) സഹകരണ മേഖലയിൽ പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ചെറുകിട/നാമമാത്ര കർഷകർ നെൽകൃഷി ക്കായും/കാർഷിക വൃത്തിയ്ക്കായും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് എടുക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്ന പക്ഷം സംസ്ഥാന സർക്കാരിന്റെയും നബാർഡിന്റെയും പലിശ സബ്സിഡി/സബ് വെൻഷൻ നൽകി ടി കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിതമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |

| | |
|---|---|
| (സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്; | (സി) 7% പലിശയ്ക്ക് സഹകരണ ബാങ്കുകൾ/ സംഘങ്ങൾ മുഖേന നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ യഥാസമയം തിരികെ അടയ്ക്കുന്ന പക്ഷം നബാർഡ് മുഖേന കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശയിളവ് വായ്പകൾക്ക് നൽകുകയും പലിശയിനത്തിൽ ബാക്കി പരമാവധി 5% പലിശയിളവ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഉത്തേജന പലിശ യിളവ് പദ്ധതിയിൽ (Stimulus interest package)പ്പെടുത്തി നൽകി വരുന്നു. |
| (ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | (ഡി) ഉത്തേജന പലിശയിളവ് പദ്ധതി, നെൽ കർഷകർക്കായുള്ള പലിശ രഹിത വായ്പ എന്നിവ സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പ്രാഥമിക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**